# വനിത ശിശു വികസന ഡയറക്ടറുടെ നടപടി ക്രമങ്ങ ൾ

**(ഹാജർ: അനുപമ T.V IAS)**

വിഷയം : വനിത ശിശു വികസന വകുപ്പ് – സംയോജിത ശിശു വികസന സേവന പദ്ധതി – - PMMVY അദാലത്ത് സംഘടിപ്പിക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പരാമർശം: 1) ICDS/A6-6492/19 തീയതി : 01-10-19 നമ്പർ കത്ത്.
2) കേന്ദ്ര സർക്കാരിന്റെ DO No. 17/32/2018/PMMVY Dated: 22-11-19 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ ICDS/A6-6492/19 തീയതി:** 29.11.2019

പ്രധാനമന്ത്രി മാതൃ വന്ദനയോജന പദ്ധതിയുടെ കാര്യക്ഷമമായ നിർവ്വഹണ ത്തിനായും അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം ലഭിക്കുന്നതിനായും PMMVY സപ്താഹ് സംഘടിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ സൂചന (1) പ്രകാരം സംഘടിപ്പിച്ചിട്ടുള്ള PMMVY സപ്താഹിന്റെ തുടർച്ചയായി 'സുരക്ഷിത ജനനി വികസിത ധരണി' എന്ന ആശയത്തിലധിഷ്ഠിതമായി 2019 ഡിസംബർ **2** മുതൽ **8** വരെ PMMVY അദാലത്ത് സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

നിലവിൽ ലഭ്യമായിട്ടുള്ള മുഴുവൻ അപേക്ഷകളും പരിശോധിച്ച് അർഹരായ ഗുണഭോക്താക്കളുടെ ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കുക എന്നതാണ് PMMVY അദാലത്ത് പരിപാടിയുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി ഫീൽഡുതലത്തിൽ സ്വീകരിക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാരും PMMVY CAS പരിശോധിച്ച് 2nd & 3rd instalment നൽകേണ്ട ഗുണഭോക്താക്കളുടേയും കറക്ഷൻ ക്യൂവിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടേയും വിവരങ്ങളും JSY Pending list ഉം ബന്ധപ്പെട്ട സൂപ്പർവൈസർമാർ മുഖേന അങ്കണവാടി പ്രവർത്തകർക്ക് ഉടൻ തന്നെ കൈമാറേണ്ടതാണ്. ഇപ്രകാരം ലഭ്യമായ ലിസ്റ്റിൽ നിന്ന് ആനുകൂല്യം നൽകുന്നതിന് ആവശ്യമായ രേഖകൾ വാങ്ങി സൂക്ഷ്മ പരിശോധന പൂർത്തിയാക്കി 03-12-2019.നകം ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്ക് ഓൺലൈൻ രജിസ്ട്രേഷനായി സൂപ്പർവൈസർമാർ കൈമാറേണ്ടതാണ്.
- എല്ലാ ശിശു വികസന പദ്ധതി ഓഫീസുകളിലും PMMVY അദാലത്തിന്റെ ഭാഗമായി 02-12-2019 മുതൽ 08-12-2019 വരെ data entry-യ്ക്കും ഓൺലൈൻ രജിസ്ട്രേഷൻ നടപടികൾക്കുമായി രാവിലെ 10 മണി മുതൽ 5 മണിവരെ പ്രത്യേക ക്രമീകരണങ്ങൾ (ജീവനക്കാർ,കമ്പ്യൂട്ടർ മുതലായവ ക്രമീകരിക്കുക) നടത്തുന്നതിന് ശിശു വികസന പദ്ധതി ഓഫീസർമാർ ശ്രദ്ധിക്കേണ്ടതാണ്.
- 02-12-2019 മുതൽ 08-12-2019 വരെ തീയതികൾക്കുള്ളിൽ ICDS ഓഫീസുകളിൽ നാളിതുവരെ ലഭ്യമായ മുഴുവൻ അർഹതയുള്ള PMMVY ഗുണഭോക്താക്കളുടെ വിവരങ്ങൾ PMMVY CAS-ൽ data entry ചെയ്തുവെന്ന് ശിശു വികസന പദ്ധതി ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്. അപേക്ഷകൾ 08-12-2019-നകം പരിശോധിച്ച് അപ്രൂവ് ചെയ്യേണ്ടതാണ്.



ഷ//

ഡിസംബർ 2 തിങ്കൾ : 1) അങ്കണവാടി തലത്തിൽ പുതിയ ഗുണഭോക്താക്കളെ ചേർക്കുന്നതിനായുള്ള ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുന്നതിന് വർക്കർമാർക്ക് നിർദ്ദേശം നൽകുക.

2) ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും അനുയോജ്യമായ ഭക്ഷണ ശീലങ്ങളെ സംബന്ധിച്ചുള്ള ക്ലാസ്സുകൾ, Demonstration എന്നിവ അങ്കണവാടിതലത്തിൽ സംഘടിപ്പി ക്കുക.

3) PMMVY ഗുണഭോക്താക്കളെ പങ്കെടുപ്പിച്ച് ഫോട്ടോകൾ/ വീഡിയോകൾ എടുത്ത് CDPO/ സൂപ്പർവൈസർമാരുടെ Watspp Number ൽ up load ചെയ്യേണ്ടതും CDPO മാർ ആയവ pmmvykeralastate @gmail.com ൽ upload ചെയ്യേണ്ടതുമാണ്.

4) ഗുണഭോക്താക്കളുമായി ചേർന്ന് സെൽഫിഎടുക്കുന്നതിനുള്ള സെൽഫി കോർണറുകൾഅങ്കണവാടികളിൽ സജീകരിക്കുക.

ഡിസംബർ 3 ചൊവ്വ: CDPO മാർ PHC മീറ്റിംഗുകളിലും പ്രോഗ്രാം ഓഫീസർമാർ DMO മീറ്റിംഗുകളിലും പങ്കെടുത്ത് PMMVY പദ്ധതി സംബന്ധിച്ച് സംസാരിക്കുകയും ടി പദ്ധതി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത വിശദീകരിക്കുകയും ചെയ്യേണ്ടതാണ്. ഗുണഭോക്താക്കൾക്ക് JSY ലഭിച്ചത് സംബന്ധിച്ച വിവരങ്ങൾ വർക്കർമാർ വഴി ശേഖരിച്ച് CAS ൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

ഡിസംബർ 4 ബുധൻ : CDPO മാർ പ്രോജക്ട് തലത്തിൽ പ്രശ്നപരിഹാര അദാലത്തുകൾ സംഘടിപ്പിക്കുക. PMMVY അപേക്ഷകൾ സംബന്ധിച്ച പരാതികൾ/ അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുക

ഡിസംബർ 5 മുതൽ 8 വരെ : website ൽ പ്രസിദ്ധീകരിക്കുന്ന II III installment due list പരിശോധിച്ച് അപേക്ഷകൾ വെരിഫൈ ചെയ്ത് data entry പൂർത്തിയാക്കുക.

- അങ്കണവാടികളിലും സൂപ്പർവൈസർമാരുടെും ലഭ്യമാക്കിയിട്ടുള്ള സാധുവായ PMMVY അപേക്ഷകൾ December 2 തീയതിക്കകംസൂക്ഷമപരിശോധന നടത്തി CDPO മാരുടെ ആഫീസിൽ data entry യ്ക്കായിനൽകേണ്ടതാണ്. ആയതിൽ ഒക്ടോബർ മാസത്തെ തപാലിൽ ലഭിച്ച എല്ലാ അപേക്ഷകളും ഇത്തരത്തിൽ data entry യ്ക്കായിസജ്ജമാക്കി നൽകേണ്ടതാണ്.
- പ്രോജക്ട് തലത്തിൽ അദാലത്തിനായി കൂടുതൽ data entry ഓപ്പറേറ്റർമാരെ നിയോഗിക്കുന്നതിനായി User ID ആവശ്യമായുള്ള പക്ഷം വിവരങ്ങൾ (Name, Mob.No.) pmmvykeralastate@gmail.com എന്ന ഈമെയിൽ വിലാസത്തിൽ ലഭ്യമാക്കുന്ന മുറയ്ക്ക് ആയത് സ്റ്റേറ്റ് സെല്ലിൽ നിന്നും create ചെയ്ത് നൽകുന്നതാണ്.



ഷ//

- പ്രോജക്ടതലത്തിൽ ലഭ്യമായിട്ടുള്ള അപേക്ഷകൾ തരംതിരിച്ച് 730 ദിവസത്തെ സമയപരിധി അവസാനിക്കാറായ അപേക്ഷകൾ മുൻഗണനാ ക്രമത്തിൽ ഡാറ്റ എൻടി പൂർത്തീകരിച്ച് അപ്രൂവ് ചെയ്യുന്നതിനുള്ള നടപടികൾക്ക് മുൻഗണന നൽകേണ്ടതാണ്.

പൊതു നിർദ്ദേശങ്ങൾ : ജില്ലാതലത്തിൽ ഏറ്റവും കൂടുതൽ അപേക്ഷകൾ enroll ചെയ്ത് ആനുകൂല്യം ലഭ്യമാക്കി മികച്ച പ്രകടനംകാഴ്ചവച്ച CDPO/ സൂപ്പർവൈസർമാരെ പ്രോജക്ടതല /ജില്ലാതല റിവ്യൂ മീറ്റിങ്ങുകളിൽ ആദരിക്കണം.
ആയതിന്റെ ഫോട്ടോ ഇ-മെയിലിൽ ലഭ്യമാക്കുക.

മേൽ പ്രതിപാദിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കു വിധേയമായി ജില്ലകളിൽ PMMVY അദാലത്ത് കർമ്മ പരിപാടിയുടെ പൂർത്തീകരണത്തിന് ശേഷം സംസ്ഥാന ഉദ്യോഗസ്ഥർ സന്ദർശനം നടത്തി പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതാണ്. അദാലത്തിന്റെ ചെലവുകൾക്കായി 34-OC ശീർഷകത്തിൽ നിന്നും 5000/- രൂപ അനുവദിക്കുന്നതാണ്. ചെലവ് സംബന്ധിച്ച യു.സി. പ്രോഗ്രാം ഓഫീസർമാർ ക്രോഡീകരിച്ച് ലഭ്യമാക്കേണ്ടതാണ്.

ഒപ്പ്
വനിതശിശു വികസന ഡയറക്ടർ

പി.ഒ മാർക്കും
സി.ഡി.പി.ഒ മാർക്കും
സൂപ്പർവൈസർമാർക്കും

ഉത്തരവിൻ പ്രകാരം

പ്രോഗ്രാം ഓഫീസർ



ഷ//